പ്രവർത്തകർ മുഴുവൻ പ്രതിഷേധിച്ചിട്ടുണ്ട്. 'ദേശാഭിമാനിയിലെ വാർത്തകളോട് ഞങ്ങൾക്ക് വിയോജിപ്പുണ്ട് എന്നു വച്ചു ഞങ്ങളാരും ദേശാഭിമാനിയിലെ ലേഖകരെ തല്ലാൻ പോകാറില്ല. തല്ലുന്നത് ഞങ്ങളുടെ സംസ്കാരവുമല്ല. ഒരു വാർത്ത പ്രസിദ്ധീകരിച്ചാൽ അതു പ്രസിദ്ധീകരിക്കുന്ന പത്രപ്രവർത്തകനെ തല്ലിയൊതുക്കുന്ന ഒരു നയം സ്വീകരിക്കുന്ന പാർട്ടിക്കാർക്ക് അതിനു കൂട്ടു നിൽക്കുന്ന പോലീസും ആണുള്ളത്. ഈ രാജ്യത്ത് നിയമവാഴ്ചയുണ്ടോ? ഈ രാജ്യത്ത് നീതിയുണ്ടോ; ഈ രാജ്യത്ത് സാധാരണക്കാരന് ജീവിക്കാനുള്ള സാഹചര്യമുണ്ടോ? ഇതിനൊന്നും പരിഹാരം സൃഷ്ടിക്കാതെ നിങ്ങൾ നടത്തുന്ന ഈ സമീപനം, ഈ നടപടികളെ വകുപ്പുമന്ത്രി തികച്ചും ന്യായീകരിച്ചത്, തെറ്റായിപ്പോയി. ഒരിക്കലും ചെയ്യാൻ പാടില്ലാത്ത ഒരു സംഗതിയാണത്. ആശുപത്രിയിലുണ്ടായ നാശനഷ്ടങ്ങൾക്ക് മുഴുവൻ ഉത്തരവാദിത്വവും നിങ്ങൾക്കാണ്. അഞ്ചുലക്ഷം രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നാണ് ആശുപത്രി അധികൃതർ പറയുന്നത്. പ്രസവവാർഡിനെതിരേ, ഒ.പി. ബ്ലോക്കിനെതിരെ, ഒക്കെ ആക്രമം നടന്നു അവിടത്തെ പൈപ്പു ലൈൻ അടിച്ചു പൊട്ടിച്ച്, ആശുപത്രിയിൽ കിടക്കുന്ന ആയിരത്തോളം രോഗികൾക്ക് വെള്ളം നിഷേധിച്ച ക്രൂരതക്കെതിരെ നടപടി സ്വീകരിക്കാൻ വൈമുഖ്യം കാണിക്കുന്ന ഈ സർക്കാരിന്റെ നയത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങളും ഈ വാക്കൗട്ടിൽ പങ്കെടുക്കുകയാണ്.

(ശ്രീ. ടി.എം. ജേക്കബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തു പോയി)

III. ശ്രദ്ധക്ഷണിക്കൽ

മി. സ്പീക്കർ : ഇതിലൊരു സംഗതിയുള്ളത്, കാളിംഗ് അറ്റൻഷനാകുമ്പോൾ പൊതുവിൽ എല്ലാ വിഷയവും വരാറുണ്ട്. പക്ഷേ നിയോജകമണ്ഡലങ്ങളുമായി ബന്ധപ്പെട്ടു വരുന്ന കാര്യങ്ങളിൽ നമുക്കതു വേർതിരിച്ചറിയാൻ പറ്റില്ലേ? അതെഴുതിത്തരുന്നവർ ശ്രദ്ധിക്കണം. അങ്ങെഴുതിത്തന്ന പല കാര്യങ്ങളും ശ്രീ. വർഗ്ഗീസ് വൈദ്യർ എഴുതിത്തന്നിട്ടുണ്ട്. പക്ഷെ അതനുവദിക്കാൻ പറ്റില്ല. അദ്ദേഹത്തിന്റെ കോൺസ്റ്റിറ്റ്യുവൻസിയിൽ വരുന്ന ബാണാസുരസാഗർ, ചുണ്ടേൽപ്പൂഴ എന്നിങ്ങനെയുള്ള കാര്യങ്ങൾ എഴുതിത്തന്നിട്ടുണ്ട്. അതുകൊണ്ട് അംഗങ്ങൾ ശ്രദ്ധിക്കാൻവേണ്ടി പറയുയാണ്. ഒരു കാളിംഗ് അറ്റൻഷനായി അദ്ദേഹം ഇവിടെ എഴുതിതന്നു. പക്ഷേ അനുവദിക്കാൻ പറ്റില്ല.

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : വയനാട് ജില്ലയിലെ കാര്യങ്ങളൊന്നും പറയാൻ പറ്റില്ലെന്നാണോ? ജനങ്ങളെ ബാധിക്കുന്ന കാര്യങ്ങൾ ഇവിടെ പറയണ്ടേ?

മി. സ്പീക്കർ : പറയണം. അവിടത്തെ ഒരു എം.എൽ.എ.യുമുണ്ട്.

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : എനിക്കു പറയേണ്ടത് എനിക്കു പറയണം. എന്റെ കാഴ്ചപ്പാടിലായിരിക്കുകയല്ല അദ്ദേഹം പറയുന്നത്. എന്റെ കാഴ്ചപ്പാട് വ്യത്യസ്തമായിരിക്കും. സ്റ്റേറ്റിലെ ഇഷ്യൂ പറയുന്നുണ്ട്.

മി. സ്പീക്കർ : സ്റ്റേറ്റിലെ ഇഷ്യൂ പറയാം.

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : ജില്ലയിലെ ഇഷ്യൂവും പറയാം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഒരാളിന്റെ കോൺസ്റ്റിറ്റ്യൂവൻസിയിലെ കാര്യം വേറൊരാൾ പറയുമ്പോൾ അതിന്റെ വിഷമം മനസ്സിലാകും.

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : അതിലെനിക്ക് തർക്കമില്ല.

മി. സ്പീക്കർ : അങ്ങേയ്ക്കും അതുണ്ടാകും. എല്ലാപേർക്കും ഉണ്ടാകും. ശ്രദ്ധിക്കാൻവേണ്ടി പറഞ്ഞതാണ്.

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : ഒരു സംസ്ഥാനത്തെ മൊത്തം ബാധിക്കുന്ന കാര്യവും ജില്ലയെ മൊത്തം ബാധിക്കുന്ന കാര്യവും ഇവിടെ പറയാം. അദ്ദേഹം അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ പറയും. എനിക്ക് എന്റെ കാഴ്ചപ്പാടുണ്ട്. അങ്ങനെ പറയാൻ പറ്റില്ലെന്ന് നിബന്ധനയുണ്ടോ? റൂളിൽ വല്ലതും പറയുന്നുണ്ടോ?

മി. സ്പീക്കർ : റൂളിൽ കയറി പിടിക്കേണ്ട.

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : റൂളിൽ അങ്ങനെ പറയുന്നില്ലല്ലോ?

മി. സ്പീക്കർ : അനുവദിക്കാൻ പറ്റില്ല എന്നു പറഞ്ഞാൽ പറ്റില്ല.

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : അതു പറഞ്ഞിട്ടു കാര്യമില്ല.

മി. സ്പീക്കർ : That is the rule. റൂൾ അറിയാമോ? അങ്ങേയ്ക്കും റൂൾ അറിയില്ലേ? അനുവദിക്കാൻ പറ്റില്ല. ഇവിടെ അവതരിപ്പിക്കാൻ പറ്റില്ല.

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : ബഹുമാനപ്പെട്ട സ്പീക്കറുമായിട്ട് തർക്കത്തിനില്ല. ഞാൻ അതിന്റെ മറുവശം പറഞ്ഞുവെന്നേയുള്ളൂ.

മി. സ്പീക്കർ : അങ്ങു പറയുന്നത് ഞാൻ അംഗീകരിച്ചു. റൂളിങ്ങനെ ചോദ്യം ചെയ്യുന്നത് ഞാൻ ആദ്യമായിട്ട് കേൾക്കുകയാണ്. റൂളിൽ പറയുന്നുണ്ടോ എന്ന് ചോദിക്കുന്നത്. ഞാൻ ആദ്യമായിട്ട് സഭയിൽ കേൾക്കുകയാണ്. അതു കുറച്ചു കടന്നുപോയി.

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : ഞാൻ ബഹുമാനപ്പെട്ട സ്പീക്കറുമായിട്ട് തർക്കത്തിനില്ല.

ശ്രീ. സത്യൻ മൊകേരി : അങ്ങ് സഭയുടെ നാഥനാണ്. അങ്ങയുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയാണോ?

(1) വയനാട് ജില്ലയിലെ പ്രകൃതി സന്തുലിതാവസ്ഥയെ പ്രതികൂലമായി ബാധിക്കുന്ന ജലവൈദ്യുത പദ്ധതികളുടെയും ജലസേചനപദ്ധതികളുടെയും പ്രവർത്തനങ്ങൾ നിർത്തിവയ്ക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, വയനാട് ജില്ലയിലെ മൊത്തം ജനങ്ങളും ഭയപ്പാടിന്റെ അന്തരീക്ഷത്തിലാണ് ഇന്ന് കഴിയുന്നത്. വയനാട് ജില്ല കേരളത്തിലെ ഏറ്റവും കൊച്ചു ജില്ലയാണ്. 2,12,560 ഹെക്ടറാണ് അതിന്റെയാകെ വിസ്തീർണ്ണം. മൊത്തം വിസ്തീർണ്ണത്തിന്റെ നാലിലൊന്ന് വനപ്രദേശമാണ്. ജനസംഖ്യ ഏകദേശം ഇപ്പോൾ ഏഴുലക്ഷം വരും സമുദ്രനിരപ്പിൽനിന്ന് 700 മുതൽ 2800 വരെ മീറ്റർ ഉയരത്തിലാണ് വയനാട് ജില്ല സ്ഥിതിചെയ്യുന്നത്. ഇതിൽ മൊത്തം വിസ്തീർണ്ണത്തിൽ നാലിലൊന്നു വനഭൂമിയാണ്. ശരാശരി അവിടത്തെ കൃഷിഭൂമിയുടെ അളവ് 1,60,000 ഹെക്ടറാണ്. വയനാട് ജില്ലയിൽ ഇപ്പോൾ കാരാപ്പുഴ ജലസേചന പദ്ധതിയുണ്ട്, കുറ്റ്യാടി ഓഗ്മെന്റേഷൻ ജലവൈദ്യുത പദ്ധതിയുണ്ട്, അതിനോടനുബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly